LIBRARY ARCHIVES Kerala Legislative Assembly

## തിരൂർ-പൊന്മുണ്ടം ബൈപ്പാസ്

**380 (1436)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട തിരൂർ-പൊന്മുണ്ടം ബൈപാസ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഒന്നാംഘട്ടവും നാലാംഘട്ടവും പ്രവൃത്തി നടക്കുന്ന പ്രസ്തുത ബൈപ്പാസിന്റെ രണ്ട്, മൂന്ന് ഘട്ടം പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) മൂന്നാംഘട്ട പ്രവൃത്തിക്കായി സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരൂർ പൊൻമുണ്ടം ബൈപാസ്സിന്റെ ഒന്നാംഘട്ടത്തിന്റെയും നാലാം ഘട്ടത്തിന്റേയും പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി&സി) രണ്ടാം ഘട്ടത്തിന്റെയും മൂന്നാം ഘട്ടത്തിന്റെയും പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

# II റൂളിംഗ്

## അടിയന്തരപ്രമേയ വിഷയം അടിയന്തര പ്രാധാന്യമുള്ളതായിരിക്കണം

മി. സ്പീക്കർ : ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടുണ്ട്. സാധാരണ ഗതിയിൽ അടിയന്തരപ്രമേയ നോട്ടീസിനകത്ത് അടിയന്തര സ്വഭാവമുള്ള,

9.30 AM] ഇന്നോ ഇന്നലെയോ നടന്ന സംഭവമായിരിക്കണമെന്നുള്ളതാണ് ഒന്നാമത്തെ കാര്യം. രണ്ടാമതായി സ്പീക്കർക്കും ബന്ധപ്പെട്ട മന്ത്രിക്കുമാണ് നോട്ടീസ് കൊടുക്കേണ്ടത്. മൂന്നാമതായി ഒന്നിലധികം പ്രമേയങ്ങൾ വിഷയത്തിൽ വരാൻ പാടില്ല. ഓരോ പ്രമേയത്തിലും ഒന്നിലധികം സംഗതികൾ ചർച്ച ചെയ്യാൻ പാടില്ല. അടുത്ത കാലത്തുണ്ടായ പ്രത്യേക സംഗതിയെ കുറിച്ചുള്ളത് മാത്രമായിരിക്കണം. ഇവിടെ ബഹുമാനപ്പെട്ട പി. കെ. ഗുരുദാസൻ നൽകിയ നോട്ടീസിൽ കയർ, കശുവണ്ടി, കൈത്തറി, കള്ളുചെത്ത്, ഖാദി, ബീഡി .......(ബഹളം).....ഞാൻ സംസാരിക്കട്ടെ......ഞാൻ ചട്ടം പറഞ്ഞിട്ടാണ് ബാക്കി ഇത്രയും പറയുന്നത്. നിയമസഭാ നടപടികൾ പലതും അറിയില്ലെങ്കിൽ....... പറയുന്നതൊന്ന് കേൾക്കുക, ബീഡി, മത്സ്യം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. ഞാൻ ചോദിക്കട്ടെ, ഏത് മന്ത്രി ഇതിന് മറുപടി പറയും ?

ശ്രീ. മാത്യു റ്റി. തോമസ്: സർ, മുഖ്യമന്ത്രി മറുപടി പറഞ്ഞാൽ മതി.

മി. സ്പീക്കർ: എല്ലാവർക്കും മുകളിലാണ് മുഖ്യമന്ത്രി. അതെനിക്കുമറിയാം. സാധാരണ ഗതിയിൽ ഇങ്ങനെയുള്ള നോട്ടീസ് വന്നാൽ ചട്ടപ്രകാരം അടിയന്തരപ്രമേയ ചർച്ച അനുവദിക്കുന്നതല്ല. ഇത് എഴുതി തന്നിരിക്കുന്നത് വ്യവസായ വകുപ്പുമന്ത്രിക്കാണ്. വ്യവസായ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട ഒന്നുരണ്ട് വിഷയങ്ങൾ മാത്രമേ ഇതിലുള്ളൂ. സാധാരണ രീതിയിൽ ഇത് അനുവദിക്കാൻ പാടുള്ളതല്ല. പക്ഷെ ഇക്കാര്യത്തെക്കുറിച്ച് ഞാൻ മുഖ്യമന്ത്രിയുമായി സംസാരിച്ചു. അദ്ദേഹം ഇതിന് മറുപടി പറയാമെന്ന് പറഞ്ഞു. പക്ഷേ ഇത് മേലിൽ ആവർത്തിക്കുന്നതല്ല. അംഗങ്ങൾ ഇനി ഇത്തരത്തിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് തന്നാൽ അത് നിരാകരിക്കുന്നതായിരിക്കും. ചട്ടം അതിന്റെ പൂർണ്ണതയിൽ വേണമെന്ന് ഞാൻ പറയുന്നില്ല. എങ്കിലും തീർച്ചയായും അടിയന്തരപ്രമേയത്തിന് നോട്ടീസ് തരുമ്പോൾ ഇതെല്ലാം ഒന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ഇതേ സ്വഭാവത്തിൽ നമ്മുടെ നാട്ടിലുള്ള എല്ലാ വിഷയങ്ങളും ബന്ധപ്പെട്ടുകൊണ്ടുള്ള അടിയന്തരപ്രമേയം കൊണ്ടുവന്നാൽ അടിയന്തരപ്രമേയ ചർച്ച അനുവദിക്കാൻ സാധ്യവുമല്ല. എന്നാൽ ഇന്ന് ഇത് പരിഗണനയ്ക്കെടുക്കുന്നു.

## III അടിയന്തരപ്രമേയം

### പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: കയർ, കശുവണ്ടി, കൈത്തറി, കള്ളുചെത്ത്, ഖാദി, ബീഡി, മത്സ്യം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ പ്രതിസന്ധിയിൽ ആയിരിക്കുന്നതിനാൽ ഈ വ്യവസായങ്ങളെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും തൊഴിലും ആനുകൂല്യങ്ങളും നഷ്ടപ്പെട്ട് കടുത്ത ദുരിതത്തിലും ആശങ്കയിലുമായിരിക്കുന്നതായി പറയപ്പെടുന്നതായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ഗുരുദാസൻ, വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വിവിധ സബ്ജക്ടുകളാണെങ്കിലും പരമ്പരാഗത വ്യവസായങ്ങൾ എന്നുള്ള പൊതുവായ കാറ്റഗറിയിൽപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ് ഇന്ന് നോട്ടീസ് തന്നിട്ടുള്ളത്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ പ്രാധാന്യം നമ്മളെല്ലാം ഒരുപോലെ ഉൾക്കൊള്ളുന്നുണ്ട്. അനേകലക്ഷം കുടുംബങ്ങൾ പരമ്പരാഗത വ്യവസായങ്ങളെ ആശ്രയിച്ചാണ് കഴിയുന്നത്. അതേസമയം ഈ മേഖലകളിലെല്ലാം കുറഞ്ഞ വേതനവും മെച്ചമല്ലാത്ത സേവനവ്യവസ്ഥകളുമാണ് നിലനിൽക്കുന്നതെന്ന യാഥാർത്ഥ്യവും നമ്മൾ ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് പരമ്പരാഗത വ്യവസായങ്ങൾ എന്ന കാറ്റഗറിയിൽപ്പെട്ടിട്ടുള്ള കാര്യങ്ങൾക്കെല്ലാം പ്രത്യേകമായ പരിഗണന കൊടുക്കുകയും കൂടുതൽ ഫണ്ട് അനുവദിക്കുകയും ആ മേഖലകളിലെ പ്രശ്നങ്ങൾ ഓരോന്നിനും പരിഹാരമുണ്ടാക്കാൻ വേണ്ടി